**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1470** **04-07-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (എ) | 32473 ലാന്റ് ട്രിബ്യൂണൽ അപേക്ഷകളും വിവിധ ഭൂമി പതിവ് ചട്ട പ്രകാരമുള്ള 2664 അപേക്ഷകളും 1636 വന ഭൂമി പട്ടയങ്ങളും സംയുക്ത പരിശോധന പൂർത്തീകരിച്ചതും കേന്ദ്രാനുമതിക്ക് അയക്കാനുള്ളതുമായ ഏകദേശം 4561 വന ഭൂമി അപേക്ഷകളും ഉൾപ്പെടെ 41334 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് |
| (ബി) | ഇവയിൽ നടപടികൾ പൂർത്തീകരിച്ച് എത്ര പേർക്ക് പട്ടയം നൽകിയെന്ന് വിശദമാക്കാമോ; | (ബി) | ഇവയിൽ ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം 10269 ലാന്റ് ട്രിബ്യൂണൽ പട്ടയങ്ങളും 748 വന ഭൂമി പട്ടയങ്ങളും വിവിധ ഭൂപതിവ് പ്രകാരമുള്ള 244 പട്ടയങ്ങളടക്കം 11261 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | നടപടികൾ പൂർത്തീകരിച്ച് പട്ടയം വിതരണം ചെയ്യുന്നതിന് ഇനി എത്ര അപേക്ഷകൾ ഉണ്ട്; | (സി) | നടപടി പൂർത്തീകരിച്ച് വിതരണം ചെയ്യാൻ 22204 ലാന്റ് ട്രിബ്യൂണൽ അപേക്ഷകളും, കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ച 888 വനഭൂമി അപേക്ഷകളും, സംയുക്ത പരിശോധന പൂർത്തീകരിച്ചതും കേന്ദ്രാനുമതിക്ക് അയക്കാനുള്ളതുമായ ഏകദേശം 4561 വന ഭൂമി അപേക്ഷകളും, വിവിധ ഭൂമി പതിവ് പ്രകാരമുള്ള 2420 അപേക്ഷകളും കൂടി 30073 അപേക്ഷകൾ നിലവിലുണ്ട്. |
| (ഡി) | കുന്നംകുളം മണ്ഡലത്തിൽ ഇത്തരത്തിൽ എത്ര അപേക്ഷകളാണുള്ളത്; നടപടികൾ പൂർത്തീകരിച്ച് പട്ടയം എന്നത്തേക്ക് നൽകാനാകും; വിശദമാക്കാമോ? | (ഡി) | കുന്നംകുളം ലാന്റ് ട്രിബ്യൂണലിലെ 7048 അപേക്ഷകളിലും കുന്നംകുളം മണ്ഡലത്തിലെ നാളിതുവരെയായി ലഭിച്ച 332 വിവിധ ഭൂപതിവ് അപേക്ഷകളിലും നടപടി സ്വീകരിച്ച് വരുന്നു. ട്രിബ്യൂണൽ അപേക്ഷകളിൽ വിചാരണകൾ നടത്തി എത്രയും വേഗം തീർപ്പാക്കുന്നതും ഭൂപതിവ് അപേക്ഷകളിൽ വിവിധ വകുപ്പുകളിൽ പുനർ നിക്ഷിപ്തം ചെയ്ത് ലഭിച്ചാൽ ഒരു വർഷത്തിനകം പട്ടയം വിതരണം ചെയ്യാനാകും. |

സെക്ഷൻ ഓഫീസർ